**10399/K17/KSHO** **22/08/2022**

## കുടുംബശ്രീ ഫോട്ടോഗ്രഫി മത്സരം;
## 'കുടുംബശ്രീ ഒരു നേർച്ചിത്രം' അഞ്ചാം സീസൺ വിജ്ഞാപനം

### നിയമാവലി

1. 2022 ഓഗസ്റ്റ് 22 മുതൽ സെപ്റ്റംബർ 22 വരെ ഫോട്ടോകൾ അയയ്ക്കാം. സെപ്റ്റംബർ 22ന് വൈകുന്നേരം 5.00 ന് ശേഷം കിട്ടുന്ന ഫോട്ടോകൾ മത്സരത്തിന് പരിഗണിക്കുന്നതല്ല. ഒരാൾക്ക് പരമാവധി അഞ്ച് ഫോട്ടോകൾ വരെ അയയ്ക്കാം.

2. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ പ്രതിപാദിക്കുന്ന ചിത്രങ്ങളാണ് മത്സരത്തിനായി അയയ്ക്കേണ്ടത്. ഫോട്ടോയ്ക്കൊപ്പം അതിനെക്കുറിച്ചുള്ള ലഘുവിവരണവും (ഏത് പ്രദേശത്തെ, ഏത് അയൽക്കൂട്ടത്തിലെ സ്ത്രീകൾ, ഏത് കുടുംബശ്രീ യൂണിറ്റ് എന്നിങ്ങനെയുള്ള വിവരങ്ങൾ) ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും.

3. ഫോട്ടോകൾ **kudumbashreeprcontest@gmail.com** എന്ന ഇ- മെയിൽ വിലാസത്തിൽ അയക്കാം. അല്ലെങ്കിൽ വാട്ടർമാർക്ക് ചെയ്യാത്ത ഫോട്ടോകൾ സിഡിയിലാക്കിയോ ഫോട്ടോ പ്രിന്റുകളോ പബ്ലിക് റിലേഷൻസ് ഓഫീസർ, കുടുംബശ്രീ സംസ്ഥാന മിഷൻ ഓഫീസ്, ട്രിഡ റീഹാബിലിറ്റേഷൻ ബിൽഡിങ്, മെഡിക്കൽ കോളേജ്, തിരുവനന്തപുരം- 695011 എന്ന വിലാസത്തിൽ അയയ്ക്കാം. **'കുടുംബശ്രീ ഒരു നേർച്ചിത്രം ഫോട്ടോഗ്രഫി മത്സരം'** എന്ന് കവറിന് മുകളിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. അയയ്ക്കുന്നയാളുടെ പേര്, വിലാസം. ഇ- മെയിൽ വിലാസം, ഫോൺ നമ്പർ എന്നിവയും ഒപ്പം ചേർക്കണം.

4. മുൻപ് മത്സരത്തിനായി അയച്ചിട്ടുള്ള ഫോട്ടോകൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല. 18 വയസ്സ് പൂർത്തിയായവർക്കാണ് മത്സരത്തിൽ പങ്കെടുക്കാനാവുക.

5. ലഭിക്കുന്ന ഫോട്ടോകൾ വിദഗ്ധ ജൂറി പരിശോധിച്ച് വിലയിരുത്തിയാകും സമ്മാനർഹരെ കണ്ടെത്തുന്നത്. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.

6. മത്സരത്തിനായി അയയ്ക്കുന്ന ഫോട്ടോകൾ ഔദ്യോഗികമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള പൂർണ്ണ അവകാശം കുടുംബശ്രീയ്ക്കുണ്ടായിരിക്കുന്നതാണ്.

7. ഒന്നാം സ്ഥാനം നേടുന്ന ചിത്രത്തിന് 25,000 രൂപയും രണ്ടാം സ്ഥാനം നേടുന്ന ചിത്രത്തിന് 15,000 രൂപയും മൂന്നാം സ്ഥാനത്തെത്തുന്ന ചിത്രത്തിന് 10,000 രൂപയും സമ്മാനമായി ലഭിക്കും. മറ്റ് മികച്ച പത്ത് ചിത്രങ്ങൾക്ക് പ്രോത്സാഹന സമ്മാനമായി 2000 രൂപ വീതവും ലഭിക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ